

# 'അരിക്കുളം ഗ്രാമം'

## ഉത്തരവാദിത്ത ടൂറിസം
## സാധ്യതകളും നിർദ്ദേശങ്ങളും

# ‘അരിക്കുളം ഗ്രാമം’

## ഉത്തരവാദിത്ത ടൂറിസം സാധ്യതകളും നിർദ്ദേശങ്ങളും

---

**Submitted to**
**Minister for Tourism**
**Kerala**

**Submitted by**
**Mary Madonna**
**Mphil- Tourism**
**(Arikkulam grama panchayath)**

| Sl.No | ഉള്ളടക്കം(Index) | Page No: |
|---|---|---|
| | അദ്ധ്യായം 1 | |
| 1 | ആമുഖം | 1 |
| 2 | ലക്ഷ്യങ്ങൾ | 3 |
| 3 | അവതരണം | 3 |
| 4 | മാലിന്യസംസ്കരണം | 4 |
| 5 | ചരിത്രം | 4 |
| 6 | ഭൂമിശാസ്ത്രം | 5 |
| | അദ്ധ്യായം 2 | |
| 7 | ടൂറിസം പ്രമോഷൻ | 7 |
| 7. 1 | വെളിയണ്ണൂർ ചല്ലി | 7 |
| 7.1.1 | പ്രവർത്തനങ്ങൾ | 7– 8 |
| 7.2 | പാണ്ടിപ്പാറ | 9 |
| 7.3 | ശിവക്ഷേത്രം | 10 |
| | അദ്ധ്യായം 3 | |
| 8 | അരിക്കുളം ഗ്രാമപഞ്ചായത്ത് ഭൂപടം | 13 |
| | അദ്ധ്യായം 4 | |
| 9 | ടൂറിസം ഉറവിടങ്ങൾ | 15 |
| 10 | ടൂറിസംകേന്ദ്രങ്ങൾ | 16 |
| 11 | വിമാനതാവളങ്ങൾ | 16 |
| | അദ്ധ്യായം 5 | |
| 12 | നിർദ്ദേശങ്ങൾ | 18 |
| 13 | ഉപസംഹാരം | 19 |
| 14 | ഗ്രന്ഥസൂചിക | 20 |
| 15 | അവലംബം | 20 |
| 16 | സൂചിക | 21 – 23 |

# അദ്ധ്യായം – 1

## ആമുഖം

# 1.ആമുഖം (Itnroduction)

കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകുന്ന ഒരു സ്ഥിര വരുമാന മേഖലയാണ് ടൂറിസം .അതുകൊണ്ടു തന്നെ കേരളത്തെ ഒരു സുപ്രധാന വികസന ഘടകമായാണ് കാണുന്നത് . ലോകത്തിലെ മറ്റു മേഖലകളെ അപേക്ഷിച്ചു നോക്കുമ്പോൾ ടൂറിസം മേഖല ഒരു നല്ല വരുമാന മേഖലയായാണ് നമ്മുടെ സർക്കാർ കാണുന്നത്. സംസ്ഥാനത്തിന്റെ 10% വരുമാനം ടൂറിസം മേഖലയിൽ നിന്നുമാണ് ലഭ്യമാകുന്നത് .

സഞ്ചാരികൾക്ക് കൂടുതൽ ഇഷ്ടം ഒഴിവുകാലങ്ങളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാനും അവിടെ സമയം ചിലവഴിക്കാനും , അതിനെപ്പറ്റി പഠനം നടത്തുവാനുമാണ്. കേരളം പ്രകൃതി സൗന്ദര്യത്താൽ മനോഹരമാണ് .എന്നാൽ ഇതിനെ എല്ലാ അർത്ഥത്തിലും പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല . അടിസ്ഥാന സൗകര്യമില്ലായ്മയും , സാമൂഹികമായുള്ള പ്രശ്നങ്ങളും മൂലധന നിക്ഷേപം ആവശ്യത്തിന് ലഭ്യമാകാത്തതും ടൂറിസത്തെ തഴയുന്ന ഘടകങ്ങളാണ്.

ഇത്തരം പരിമിതികളിൽ നിന്ന് കേരള ടൂറിസത്തിന് ഒരു മാറ്റം അനിവാര്യമാണ്.കേരളത്തിന്റെ എല്ലാ മേഖലകളിലെയും സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം നിലവിലുള്ളതിൽ ഗുണമേന്മ വർധിപ്പിക്കാനും സാധിക്കണം. ജനങ്ങളെ തന്നെ ഇതിൽ പങ്കെടുപ്പിക്കാൻ പറ്റുന്ന രീതിയിലുള്ള ഒരു നയം ആവിഷ്ക്കരിക്കണം.

പരിസ്ഥിതി പ്രശ്നങ്ങൾ ശക്തമായി ഉയർന്നു വരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെ എങ്ങനെ ഈ മേഖലയെ ശക്തിപെടുത്താം എന്ന കാര്യവും നാം പരിശോധിക്കേണ്ടതാണ്.നമ്മുടെ പാരമ്പര്യത്തെയും പ്രകൃതി സൗന്ദര്യത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തേണ്ടതാണ് . അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന കേരളത്തിൽ തൊഴിൽ ലഭ്യമാകുന്ന മേഖല എന്ന രീതിയിൽ ഇതിനു പ്രാധാന്യം നൽകേണ്ടതാണ് .

കേരളത്തിന്റെ ഓരോ പഞ്ചായത്തുകളും ടൂറിസം ഡെസ്റ്റിനേഷൻ ആക്കണം എന്നുള്ള ഉത്തരവാദിത്ത ടൂറിസം (Responsible Tourism ) എന്ന പദ്ധതി വളരെ അഭിനന്ദനാർഹമായ കാര്യാണ്. കേരളത്തിന്റെ ഓരോ പഞ്ചായത്തുകളിലും ടൂറിസം വികസനം ഉണ്ടായാൽ കേരളത്തിന്റെ ടൂറിസം രംഗം വിപ്ലവകരമായി മാറും .കോറോണക്കപ്പുറം ടൂറിസത്തിന്റെ കുതിച്ചുചാട്ടമാണ് ലോകം ഉറ്റുനോക്കുന്നത്.

ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്നത് കേരളത്തിന്റെ ഔദ്യോഗിക നയമാണ് ഒരു ടൂറിസ്റ്റ് കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തിക്കൊണ്ടു തന്നെ സഞ്ചാരികൾക്ക് എത്താനും താമസിക്കാനും ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ലളിതമായ വ്യാഖ്യാനം .

ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശ വാസികൾക്ക് ലഭ്യമാക്കുക , പ്രദേശത്തിന്റെ കലാസാംസ്കാരിക പൈതൃകം സംരക്ഷിക്കുക ,പ്രാദേശിക സമൂഹത്തിന്റെ ജീവിത രീതികൾക്കുമേൽ ആഘാതമേല്പിക്കാതെ ടൂറിസം വ്യവസായം മുൻപോട്ട് കൊണ്ട് പോവുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ഘടകങ്ങൾ .

അരിക്കുളം ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നിട്ട് ഇന്നേക്ക് 58 വർഷമായി . വയലുകളും ,തോടുകളും , മനം കവരുന്ന പാറക്കെട്ടുകളും മലബാറിന്റെ പൈതൃകത്തെ തൊട്ടുകാണിക്കുന്ന അമ്പലങ്ങളും പഴമ നിലനിർത്തുന്ന മുസ്ലിം പള്ളികളും , ഇല്ലങ്ങളും ,സാംസ്കാരിക കലാകാരന്മാരും ,കരകൗശല വിദഗ്ദ്ധന്മാരും നിറഞ്ഞു നിൽക്കുന്ന ഒരു അനുഗ്രഹീത നാടാണ് അരിക്കുളം .

അരിക്കുളം ഗ്രാമത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രമാക്കി മാറ്റുക , അതിലൂടെ ഇവിടത്തെ ജനങ്ങൾക്ക് വരുമാനം നേടാൻ സാധിക്കുക അതോടൊപ്പം ഈ ഗ്രാമത്തെ ഉത്തരവാദത്തിത ടൂറിസം (Responsible Tourism) കേന്ദ്രമാക്കി മാറ്റുക എന്നിവയാണ് പഞ്ചായത്തിന്റെ ലക്ഷ്യങ്ങൾ .

## 2. ലക്ഷ്യങ്ങൾ ( Objectives)

1.അരിക്കുളം ഗ്രാമത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുള്ള ഉത്തരവാദിത്ത ടൂറിസം ( **Responsible Tourism**) കേന്ദ്രമാക്കി മാറ്റുക

2. അരിക്കുളം പഞ്ചായത്തിൽ വരുന്ന 700( വെളിയണ്ണൂർ ചല്ലി ) ഏക്കർ നെൽപ്പാടം ടൂറിസം വികസനത്തിന് അനുയോജ്യമാക്കുക

3. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവങ്ങായൂർ ശിവക്ഷേത്രം ഒരു തീർത്ഥാടന കേന്ദ്രമാക്കി (**Pilgrim Tourism** ) മാറ്റുക .

4..പാണ്ടിപ്പാറ ഒരു പ്രധാന റോക്ക് ടൂറിസം കേന്ദ്രമാക്കി മാറ്റുക

## 3.അവതരണം (Report)

ഈ റിപ്പോർട്ട് സമർപ്പിക്കുന്നത് എന്റെ സ്വന്തം നിരീക്ഷണത്തിലൂടെയും ,അഭിപ്രായത്തിലൂടെയും , അനുഭവങ്ങളിലൂടെയുമാണ് .1963 ലാണ് അരിക്കുളം ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത് .എ.എം സുഗതൻ മാസ്റ്റർ ആൺ ഇപ്പോഴത്തെ പഞ്ചായത് പ്രസിഡന്റ് .ഈ പഞ്ചായത്തിനെ ജനസൗഹൃദപഞ്ചായത്താക്കി മാറ്റുകയും പഞ്ചായത്തിന്റെ മനോഹാരിതയെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം .

ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും കൃഷി മുഖ്യ തൊഴിലും ഉപജീവനവുമായി സ്വീകരിച്ചവരാണ്.നെൽകൃഷി , കന്നുകാലി വളർത്തൽ , തെങ്ങ് കൃഷി , പച്ചക്കറി കൃഷി എന്നിവയാണ് ഇവിടുത്തെ കൃഷികൾ. 230 കുടുംബശ്രീ യൂണിറ്റുകളാണ് ഈ ഗ്രാമ പഞ്ചായത്തിന് ഉള്ളത് . 26ഓളം കുന്നുകളും , 24 കുടിവെള്ള പദ്ധതികളും നിലവിൽ ഉണ്ട്. ചാക്യാർകൂത്തിന്റെ ആചാര്യൻ പത്മശ്രി മാണിമാധവ ചാക്യാർ പഠന കേന്ദ്രത്തിന്റെ സ്ഥലവും സൗജന്യമായി ലഭിച്ചിട്ടുണ്ട് .

വെളിയണ്ണൂർ ചല്ലി എന്നത് ഏകദേശം 700 ഏക്കർ വിശാലമായി കിടക്കുന്ന നെൽപ്പാടം ആണ്.ഇതിന്റെ അവകാശികൾ നാട്ടിലുള്ളവർ തന്നെ ആണ് . 2019 ലെ പ്രളയത്തിന് ശേഷം നെൽപ്പാടം ഉപയോഗശൂന്യമായി കിടക്കുകയാണ് നെൽപ്പാടം പഴയ രീതിയിലേക്ക് ആക്കി മാറ്റുകയാണെങ്കിൽ പലതരം നെൽവിത്തുകൾ

ഉപയോഗിച്ച് കൃഷി ഇറക്കുകയും അതുപോലെ കേരളത്തിലെ നെൽകൃഷിയെപ്പറ്റി അറിവ് നേടാൻ വേണ്ടിയുള്ള ഒരു സർവകലാശാല സ്ഥാപിക്കുകയും ചെയ്യാം . ഇതേ നെല്പാടത്തിൽ തന്നെ ടൂറിസ്റ്റുകൾക്കായി ഹട്ടുകളും , ഫ്ളോട്ടിങ് ബോട്ടുകളും ,തൂക്കു പാലവും , മൽസ്യ കൃഷിയും , കൂടാതെ ആമ്പൽ കൃഷിയും താമര കൃഷിയും മറ്റും നൽകി കൊണ്ട് നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാവുന്നതാണ് .

ഈ ഗ്രാമത്തിൽ തന്നെയുള്ള തിരുവങ്ങായൂർ അമ്പലവും , പാണ്ടിപാറയും മറ്റ് രണ്ട് ടൂറിസം കേന്ദ്രങ്ങളക്കി മാറ്റാവുന്നതാണ്.

## 4.മാലിന്യസംസ്കരണം(Waste Management )

അരിക്കുളം ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യങ്ങൾ മാലിന്യങ്ങൾ ഹരിത കേരള മിഷനുമായി സഹകരിച്ച് ക്ലീൻകേരള കമ്പനിക്ക് ശേഖരിച്ചു നൽകുകയാണ് ചെയ്യുന്നത് . . പ്ലാസ്റ്റിക് മുക്ത പഞ്ചായത്തായി പൂർണ്ണമായും മാറ്റുക എന്നതാണ് മറ്റൊരു ശ്രമം .

## 5. ചരിത്രം ( History )

കോരപ്പുഴയുടെ കൈവഴികളും തോടുകളും നിരവധി പാടശേഖരങ്ങളും കൊണ്ട് അനുഗ്രഹീതമായ നാടാണ് അരിക്കുളം . 1963 ലാണ് അരിക്കുളം ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത് . നെൽവയലുകളുംധാരാളം കുളങ്ങളും ഉള്ളതിനാലാണ് ഈ പ്രദേശത്തിന് അരിക്കുളം എന്ന പേരുലഭിച്ചത് .ഐതീഹ്യപരമായി അരീക്കുളത്തിന് ഹരികുളം എന്ന ഒരു പേരുണ്ടെന്ന് പറയപ്പെടുന്നു. ധരാളം കലാകാരന്മാരും , കരകൗശല വിദഗ്ദ്ധന്മാരും ഈ ഗ്രാമത്തിന്റെ ഒരു അനുഗ്രഹമാണ് .

## 6. ഭൂമിശാസ്ത്രം(Geography)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ ഭാഗമാണ് അരിക്കുളം ഗ്രാമപഞ്ചായത്ത് .കൊയിലാണ്ടിയിൽ നിന്ന് 10 സ.ാ ദൂരപരിധിയിൽ ആണ് ഈ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് . 1568 ഹെക്ടർ ആണ് പഞ്ചായത്തിന്റെ ഭൂപരിധി .ജനസംഖ്യ 18378 ഉം ജന സാന്ദ്രത 1129 ഉം ആണ് .

**അതിരുകൾ**

വടക്ക് : നൊച്ചാട് , മേപ്പയ്യൂർ

കിഴക്ക് : നടുവണ്ണൂർ

തെക്ക് ; കൊയിലാണ്ടി

പടിഞ്ഞാറ് : കീഴരിയൂർ , മേപ്പയ്യൂർ പഞ്ചായത്ത്

ഭൂപ്രകൃതി അനുസരിച്ച പഞ്ചായത്തിനെ നാല് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്

1. കുന്നിൻ മുകളിലെ നിരപ്പായ പ്രദേശം

2..ചരിവ് പ്രദേശം

3. വയൽ പ്രദേശം

ഇവിടുത്തെ ജലസ്രോതസുകളിൽ അനിവാര്യമായ മാറ്റം വരുത്തി നെല്ലുല്പാദനത്തിലും ടൂറിസത്തിലും മുന്നിലെത്തിക്കുക എന്നത് വളരെ അനിവാര്യമായ ആവശ്യകതയാണ്

# അദ്ധ്യായം – 2

## അവലോകനം

# 7. ടൂറിസം പ്രൊമോഷൻ

## 7.1 വെളിയന്നൂർ ചല്ലി




വെളിയന്നൂർ ചല്ലി 700 ഏക്കർ വ്യാപിച്ചു കിടക്കുന്ന നെൽപ്പാടം ആണ്. ഇതിന്റെ ചെറിയൊരു ഭാഗം 2009 മുതൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ കീഴിലാണ് . ഇതിന്റെ നടുവിലൂടെ ഒരു തോട് കടന്നു പോവുന്നുണ്ട് .2019 ലെ പ്രളയത്തിന് ശേഷം നെൽപ്പാടം ഉപയോഗ ശൂന്യമായി കിടക്കുകയാണ് . ഇവിടെ ഒരു അന്താരാഷ്ട്ര ടൂറിസം സ്പോട്ടായി മാറ്റിയെടുക്കുവാൻ പറ്റുന്നതാണ് . വയലിന്റെ സൗന്ദര്യവും തോടും നമ്മുടെ കണ്ണിനെ ആനന്ദത്തിലേക്കെത്തിക്കുന്നതാണ്.

### 7.1.1 പ്രവർത്തനങ്ങൾ ( Activities )

1. **കുടിലുകൾ (Huts)**

വെളിയന്നൂർ ചല്ലിയുടെ അതിരുകളിൽ ഹട്ടുകൾ നിർമ്മിക്കുന്നത് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സഹായിക്കും . ഹട്ടുകളിൽ വിനോദ സഞ്ചാരികൾക്ക് പ്രഭാത ഭക്ഷണം , ഉച്ചയൂണ് , സായാഹ്ന ഭക്ഷണം എന്നിവ നല്കാൻ

സാധിക്കും . മിനി ബെഡ് നൽകുകയും അവർക്ക് ഇടവേളകളിൽ വിശ്രമിക്കാൻ സാധിക്കുകയും ചെയ്യും.ചെറിയ അടുക്കള , ചെറിയ ബാറുകൾ എന്നിവ ഹട്ടുകളിൽ ലഭ്യമാക്കാവുന്നതാണ്.

## 2. തൂക്കുപാലം ( Hanging Bridge )

ചല്ലിയുടെ ഇരുവശങ്ങളെയും ബന്ധിപ്പിക്കുന്ന രീതിയിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നത് വയലിനെ കൂടുതൽ മനോഹരമാക്കും . ഇത് ഇരുവശങ്ങളിലെയും ഹുട്ടുകളിൽ ഉള്ളവർക്കും മറ്റു സഞ്ചാരികൾക്കും ഒരു ആകർഷണീയമായിരിക്കും .

## 3. ബോട്ടിംഗ് & ഫിഷിങ് (Boating &Fishing)

ചല്ലിയുടെ നാടുവിൽകൂടെ പോകുന്ന തോട്ടിലൂടെ ബോട്ടിംഗ് നടത്താവുന്നതാണ് . മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു അതിലൂടെ ഒരു വരുമാനം കണ്ടെത്താനും സാദിക്കും .

## 4. നെൽകൃഷിയും മത്സ്യ കൃഷിയും (Paddy and Fish farming)

ചല്ലിയിൽ ആറ് മാസം നെൽകൃഷി നടത്തിയും അടുത്ത ആറ് മാസം മത്സ്യ കൃഷി നടത്തിയും ആകർഷണീയമാക്കാവുന്നതാണ്. ഇതിന്റെ വിളവെടുപ്പ് സമയങ്ങൾ മുൻകൂട്ടി അറിയിക്കുകയും , അതിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനും കൂടുതൽ വരുമാനം കൊണ്ട് വരാനും സാധിക്കും . ചല്ലിയെ മുൻപുണ്ടായിരുന്ന നെൽകൃഷി രീതിയിലേക്ക് മാറ്റുകയാണെങ്കിൽ പലതരം നെൽവിത്തുകൾ കൊണ്ട് കൃഷിയിറക്കി നെൽകൃഷിയെപ്പറ്റി അറിവുനേടാൻ പറ്റുന്ന ഒരു സർവകലാശാല സ്ഥാപിക്കുകവുന്നതുമാണ്

## 5.ഹോം സ്റ്റേ (Authentic Home Stay )

അരിക്കുളം ഗ്രാമവാസികൾക്ക് തന്നെ അവരുടെ വീടുകൾ മനോഹരമാക്കിയും നല്ല ഭക്ഷണ വിഭവങ്ങളും താമസ സൗകര്യവും നൽകി ആതിഥേയരെ സ്വീകരിക്കാവുന്നതാണ് .അതിലൂടെ നല്ലൊരു വരുമാനം അവർക്ക് നേടാൻ സാധിക്കും

## 7.2.പാണ്ടിപ്പാറ



കൊയിലാണ്ടിയിൽ നിന്ന് 10 km ഉം അരിക്കുളം പഞ്ചായത്തിൽ നിന്ന് 2km ഉം അകലെ സ്ഥിതിചെയ്യുന്ന പാറക്കെട്ടാണ് പാണ്ടിപാറ . ഈ മനോഹരമായ പാറയിൽ നിന്നും നോക്കിയാൽ സൂര്യാസ്തമയം വളരെ വ്യക്തമായി കാണാൻ സാധിക്കുന്നത് വിനോദ സഞ്ചാരികളെ വളരെയധികം ആകർഷിക്കുന്നു. വെഡിങ് ഷൂട്ട് മറ്റു രീതിയിലുള്ള പരിപാടികൾ എന്നിവ ഇവിടെ വന്നു നടത്തുന്നവർ ധാരാളമുണ്ട് . പാറയുടെ മുകളിൽ 3 ചുനകൾ ഉണ്ട് . ഈ ചുനകളിൽ എല്ലാ കാലത്തും വെള്ളം ഉണ്ടാവുന്നു എന്നുള്ളത് മറ്റൊരു പ്രേത്യേകതയാണ് . ഇവിടെയുള്ള കാട്ടുവള്ളികൾ മറ്റൊരു ആകർഷണമാണ് . സമീപവാസികളായ കുട്ടികൾ ഇവിടെയുള്ള കാട്ടുവള്ളികളിൽ ഊഞ്ഞാലാടാൻ വരാറുണ്ട് .

പാണ്ടിപ്പറയുടെ മുകളിൽ ചെന്നെത്തുവാനായി പടവുകളും,കൈവരികളും നൽകുകയാണെങ്കിൽ യാത്രികർക്കു പ്രയാസം കൂടാതെ പാറയുടെ മുകളിൽ ചെന്നെത്താവുന്നതാണ്.

പാണ്ടിപ്പാറയെ കൂടുതൽ മനോഹരമാക്കാനും വിനോദ സഞ്ചാരികളെ ആകർഷിക്കാനും താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്:

* കുട്ടികളുടെ പാർക്ക്

*, ഇരുപ്പിട സൗകര്യങ്ങൾ

* റോക്ക് ക്ലൈമ്പിങ്

*നൈറ്റ് പാർട്ടീസ്

* ടെന്റുകൾ

മുകളിൽ പറഞ്ഞവ ലഭ്യമാക്കുകയാണെങ്കിൽ വിദേശ സഞ്ചാരികളെയും മറ്റും കൂടുതൽ ആകർഷിക്കാൻ സാധിക്കും.

## 7.3 തിരുവങ്ങായൂർ ശിവ ക്ഷേത്രം



1933 മുതൽ മദ്രാസ് ദേവസ്വം ബോർഡിന്റെ കീഴിലുണ്ടായിരുന്ന ഈ ക്ഷേത്രം 1957 നു ശേഷം മലബാർ ദേവസ്വം ബോർഡ്

ഏറ്റെടുത്ത് സംരക്ഷിച്ചു വരികയാണ്. കൂത്താളി തറവാട്ട് കാരുടെയും അവിഞ്ഞാട്ടു തറവാട്ടുകാരുടെയും ആയിരുന്നു. ഈ അമ്പലം .കൂത്താളി തറവാട്ടുകാർ ഒഴിവായപ്പോൾ അത് കളക്ടർ ഏറ്റെടുത്തു. ഇപ്പോൾ അവിഞ്ഞാട്ടു തറവാട്ടുകാരും പാരമ്പര്യേതര ട്രെസ്ടിയും ആണ് ഈ ക്ഷേത്രം സംരക്ഷിച്ചു മുൻപോട്ടു കൊണ്ടുപോവുന്നത്.

ഈ ശിവ ക്ഷേത്രത്തിന്റെ ഐതീഹ്യം എന്നത് കുറെ കാലങ്ങൾക്കു മുൻപ് ഒരു വാരസ്യാർ സ്ത്രീ ആയിരുന്നു അമ്പലത്തിന്റെ മുകളിൽ മുരുടയിൽ വെള്ളം കൊണ്ടുപോയിരുന്നത് . വെള്ളം കൊണ്ട് വരാനുള്ള ബുദ്ധിമുട്ട് പ്രാർത്ഥനയിലൂടെ അറിയിക്കുകയും അതിനു പിന്നാലെ ശിവ ഭഗവാന്റെ അരുളപ്പാടുണ്ടാകുകയും കുറച്ചു സമയം വരെ കണ്ണുതുറക്കരുതെന്ന് പറയുകയും ചെയ്തു . അതിനു ശേഷം അവിടെ പാറക്കെട്ടുകൾക്കുള്ളിൽ വെള്ളം കാണുകയും ചെയ്തു . എന്നാൽ ആ സ്ത്രീ കണ്ണ് തുറക്കരുത് എന്ന് പറഞ്ഞിട്ടും കണ്ണ് തുറന്നു നോക്കുകയും കണ്ണിന്റെ കാഴ്ച നഷ്ട്ട പെടുകയും ചെയ്തു എന്നാണ് പറയപ്പെടുന്നത് . ആ സ്ത്രീയുടെ കയ്യിൽ ഉണ്ടായിരുന്ന മുരുട വെള്ളത്തിൽ വീഴുകയും പിന്നീടത് കടലിൽ ചെന്ന് പതിക്കുകയും ചെയ്തു . മുക്കുവന്മാർ മുരുടയുടെ മുകളിലെ പേര് മനസിലാക്കുകയും അത് പിന്നീട് തിരുവങ്ങായൂർ ക്ഷേത്രത്തിൽ തിരിച്ചേല്പിക്കയും ചെയ്തു എന്നതാണ് അമ്പലത്തിന്റെ ഐതീഹ്യം.

ഇവിടെ ആറാട്ടു മഹോത്സവം നടക്കുന്നത് ഡിസംബർ ജനുവരി മാസങ്ങളിലാണ്. ശിവന്റെ അമ്പലമായതിനാൽ തന്നെ ശിവരാത്രി ഒരു വിശേഷ ദിവസമായി ആഘോഷിക്കുന്നു .ഇവിടെ സേവകരായി ശാന്തി ,കഴകം , വാദ്യം , ക്ലാർക്ക് , അടിച്ചുതളി തുടങ്ങിയവരാണ് ഉള്ളത് . ഇവിടെ ശിവാലയങ്ങളെ പ്രതിനിതീകരിക്കുന്ന 108 പടികളും പുരാണങ്ങളെ പ്രതിനിതീകരിക്കുന്ന 18 പടികളും ഉണ്ട് . ഈ ക്ഷേത്രത്തെ പുരാതന തീർത്ഥാടന കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാവുന്നതാണ്.

# അദ്ധ്യായം – 3

## അരിക്കുളം ഗ്രാമപഞ്ചായത്ത് ഭൂപടം



# അദ്ധ്യായം – 4

## ടൂറിസം– ഉറവിടങ്ങൾ

# 9.ടൂറിസം റിസോഴ്സസ് (ഉറവിടങ്ങൾ)

## 8.1 നാച്ചുറൽ അട്രാക്ഷൻസ്

1. വെളിയണ്ണൂർ ചല്ലി
2. പാണ്ടിപ്പാറ
3. ചാവറ ഹിൽ
4. മീറോട്മല(കീഴരിയൂർ)
5. കുളങ്ങൾ, തോടുകൾ

## 8.2 മാൻ മെയ്ഡ് അട്രാക്ഷൻസ്

1. തിരുവങ്ങയൂർ ക്ഷേത്രം
2. മാണി മധവ ചാക്യാർ ഭവനം

## 8.3 നാടൻ കലാകാരന്മർ

1. തെയ്യം
2. നടാൻ പാട്ട്
3. വാദ്ധ്യം

## 8.4 കൃഷി രീതികൾ

1. നെല്ല്
2. തെങ്ങ്
3. കവുങ്ങ്
4. മത്സ്യ കൃഷി

## 8.5 തോടുകൾ

1. മൂലക്കൽ താഴെ തോട്
2. തവ്വാകുറ്റി മുതുവോട്ട് പുഴ തോട്

## 8.6 കുളങ്ങൾ

1. മലോൽ കുളം (സഹസ്ര സരോവര പദ്ധതി)
2. ഊട്ടേരി കുളം

## 9. ടൂറിസം കേന്ദ്രങ്ങൾ (Nearest Tourism Destinations )

| | | | |
|---|---|---|---|
| 1. | ചാവറ ഹിൽസ് | - | 3 കിലോമീറ്റർ |
| 2. | വയലട | - | 30 കിലോമീറ്റർ |
| 3. | പെരുവണ്ണാമുഴി | - | 25 കിലോമീറ്റർ |
| 4. | ജനകിക്കാട് | - | 28 കിലോമീറ്റർ |
| 5. | റബ്ബർ പ്ലന്റേഷൻ | - | 30 കിലോമീറ്റർ |
| 6. | കാപ്പട്ബിച്ച് | - | 15 കിലോമീറ്റർ |
| 7. | മീറോട്മല | - | 4 കിലോമീറ്റർ |
| 8. | ഇരിങ്ങൽ ക്രാഫ്റ്റ് വില്ലജ് | - | 23 കിലോമീറ്റർ |
| 9. | വയനാട് ചുരം | - | 60 കിലോമീറ്റർ |
| 10. | കോഴിക്കോട് ബീച്ച് | - | 30 കിലോമീറ്റർ |

## 10. വിമാനത്താവളം (Nearest Airports)

1. കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളം
2. കോഴിക്കോട് അന്തരാഷ്ട്ര വിമാനത്താവളം

# അദ്ധ്യായം – 5

- നിർദ്ദേശങ്ങൾ
- ഉപസംഹാരം
- ഗ്രന്ഥസൂചിക
- അവലംബം
- സൂചിക

## 12. നിർദേശങ്ങൾ (Suggetions)

1.മുകളിൽ പറഞ്ഞിരിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുക .

2.പാണ്ടിപ്പാറ , ചല്ലി എന്നിവിടങ്ങളിൽ ടിക്കറ്റ് കൗണ്ടറുകൾ ഏർപ്പെടുത്തുക .

3. കുടുംബശ്രീയുടെ ഭാഗമായി ഇവിടെ വരുന്ന സഞ്ചാരികൾക്ക് ഭക്ഷണവും താമസ സൗകര്യവും നൽകാവുന്നതാണ് .

4. നാട്ടുകാർക്ക് ഹോം സ്റ്റേയിലൂടെ വരുമാനം നേടാൻ സാധിക്കും .

5. പാണ്ടിപ്പാറയെ ഒരു വിനോദ സാഞ്ചരകേന്ദ്രമാക്കി മറ്റാൻ സാധിക്കും.

6. ഇവിടെ നിർമ്മിക്കുന്ന നിർമിതികൾ കേടുപാടുകൾ കൂടാതെ സംരക്ഷിക്കേണ്ടതാണ്

7. പ്രകൃതിക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള നിർമാണമാണ് അനിവാര്യം .

8. ഈ ടൂറിസം കേന്ദ്രങ്ങൾ പൂർണമായും Govt. ന്റെ പരിധിയിൽ ആയിരിക്കണം സംരക്ഷിക്കേണ്ടത്

## 13. ഉപസംഹാരം (Conclusion)

കേരള ടൂറിസത്തിന്റെ പുതിയൊരു പ്രതീക്ഷയാണ് ഉത്തരവാദിത്ത ടൂറിസം എന്നത് . ഇതിലൂടെ ഒരുപാട് വികസന സാധ്യതകൾ നമുക്ക് പഞ്ചായത്തുകൾ വഴി തുറന്നു കാട്ടാൻ സാധിക്കുന്നു .ഇതിലൂടെ പഞ്ചായത്തുകൾക്കും നാട്ടിലുള്ളവർക്കും വരുമാനമുണ്ടാക്കാൻ സാധിക്കുന്നു. ഇവിടെയുള്ള വെളിയന്നൂർ ചല്ലിയും, പാണ്ടിപ്പറയും , തിരുവങ്ങായൂർ അമ്പലവും ഇതിന് ഒരു ഉദാഹരണമാണ് .

## 14.ഗ്രന്ഥസൂചിക (Bibliography)


1. www.keralatourism.org
2. www.responsibletourism.com


## 15.അവലംബം (Reference)

1) എ.എം.സുഗതൻമാസ്റ്റർ -പ്രസിഡണ്ട് (അരിക്കുളം ഗ്രാമപഞ്ചായത്ത്) **9645096510**
2) സ്വാമിദാസൻ തിരുവങ്ങായൂർ ശിവക്ഷേത്രം ദേവസ്വം ട്രസ്റ്റി ബോർഡ് ചെയർമാൻ **9947428633**
3) നജീഷ്കുമാർ.എൻ.വി. **9539231145**

16-സൂചിക

# വെളിയണ്ണൂർ ചല്ലി







# പാണ്ടിപ്പാറ







# തിരുവങ്ങായൂർ ക്ഷേത്രം











# അരിക്കുളം ഗ്രാമം

## ഉത്തരവാദിത്ത ടൂറിസം സാധ്യതകളും നിർദ്ദേശങ്ങളും